അംശദായം തിരിച്ചു നൽകൽ ആനുകൂല്യമായി അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിലെ 6-ാം കോളത്തിൽ കാണിച്ച നിരക്കിലുള്ള തുക ലഭിക്കുന്നതാണ്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവരെ കിലോഗ്രാമിന് 2 രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലേക്കുള്ള വിഹിതമടയ്ക്കുവാനും അംഗത്വത്തിനുള്ള അപേക്ഷ ശിപാർശ ചെയ്യാനും വിസമ്മതിക്കുന്ന മദ്രസ്സകളിലെ അദ്ധ്യാപകർ തൊഴിലുടമയുടേതടക്കമുള്ള പ്രതിമാസ വിഹിതം വീഴ്ചകൂടാതെ നിക്ഷേപിക്കുന്നതാണെന്നുള്ള പ്രത്യേക സത്യപ്രസ്താവന നൽകുന്നപക്ഷം അതിന്റെ അടിസ്ഥാനത്തിൽ അവർക്കും മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ക്ഷേമനിധി ആനുകൂല്യങ്ങൾ ട്രഷറി വഴി ക്ഷേമനിധി മാനേജർ മുഖേന നൽകുന്നതാണെന്നകാര്യം വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകൾ

185 (393) <u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾ കൂടുതലുള്ള പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകളും യൂറിനൽ കോംപ്ലക്സുകളും നിർമ്മിക്കുന്ന പ്രവൃത്തികളുടെ വിശദവിവരം നൽകുമോ ;

(ബി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത് ;

(സി) എന്നത്തേയ്ക്ക് പദ്ധതി പൂർത്തിയാവുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്ലാൻ ഫണ്ടിൽനിന്നോ, ഏതെങ്കിലും കേന്ദ്രപദ്ധതികളിൽനിന്നോ ഇതിന് ധനസഹായം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കൊല്ലം,ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം,കോഴിക്കോട്, കണ്ണൂർ,കാസർഗോഡ് എന്നീ 9 ജില്ലകളിലെ 26 ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലുള്ള 284 സർക്കാർ സ്കൂളുകളിലായി 13758 മീറ്റർ പൈപ്പ് ലൈൻ വുപുലീകരണത്തോടെ 305 ടോയ്ലെറ്റ് കോംപ്ലക്സുകളും 536 യൂറിനൽ കോംപ്ലക്സുകളുമാണ് നിർമ്മിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി 7,23,20,599 രൂപ വകയിരുത്തിയിട്ടുണ്ട്. കേരള ശുചിത്വ മിഷന്റെ സഹായത്തോടെ ഓരോ സ്കൂളിലെയും പാരന്റ്സ് ടീച്ചേഴ്സ് അസോസിയേഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(സി) മൺസൂൺ കാലം ആരംഭിക്കുന്നതിനു മുമ്പ് എത്രയും നേരത്തേ പദ്ധതി പൂർത്തിയാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ഡി) ലഭിക്കുന്നില്ല.

മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്

186(394) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം ഗേൾസ് സ്കോളർഷിപ്പിന് ഈ വർഷം അപേക്ഷകർ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി മൂന്ന് പ്രാവശ്യം നീട്ടി നൽകിയിട്ടുണ്ടോ ;

(ബി) തീയതി നീട്ടി നൽകിയിട്ടും വേണ്ടത്ര അപേക്ഷകൾ ലഭിക്കാതിരിക്കാനുള്ള കാരണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(സി) ഓൺലൈനിൽ മാത്രം അപേക്ഷിക്കണമെന്ന വ്യവസ്ഥ ബുദ്ധിമുട്ടുണ്ടാക്കുന്നതായും സൈറ്റിൽ നിന്നും പൂർണ്ണവിവരങ്ങൾ ലഭിക്കാൻ പ്രയാസം നേരിടുന്നുണ്ടെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

(ഡി) പിന്നോക്ക വിദ്യാർത്ഥികളുടെ കാര്യത്തിൽ അപേക്ഷകൾ പൂർണ്ണമായി ഓൺലൈനിലാക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ നേരിട്ട് അപേക്ഷ സമർപ്പിക്കാനുള്ള സൗകര്യം കൂടി ഏർപ്പെടുത്താൻ തയ്യാറാവുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷിച്ചിട്ടുണ്ട്. ഈ സ്കോളർഷിപ്പിനെപ്പറ്റി വിദ്യാർത്ഥിനികളിൽ അവബോധം ഉണ്ടാക്കുന്നതിന്റെ ഭാഗമായി പരസ്യങ്ങളിലൂടെയും വിജ്ഞാപനങ്ങളിലൂടെയും വേണ്ടത്ര പ്രചാരം നൽകുകയും, ഓരോ ഡെപ്യൂട്ടി ഡയറക്ടറുടെയും കീഴിലുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടെയും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെയും മീറ്റിംഗ് വിളിച്ചുകൂട്ടി ഈ സ്കോളർഷിപ്പിന്റെ സാംഗത്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

(സി) നിർദ്ദിഷ്ട വെബ്സൈറ്റിൽ പുതിയ അപേക്ഷയുടെയും പുതുക്കലിനുള്ള അപേക്ഷയുടെയും മാതൃക നൽകി നേരിട്ടും ആവശ്യമായ രേഖകളോടൊപ്പം സ്ഥാപന മേധാവി മുഖാന്തിരവും അപേക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നേരിട്ട് അപേക്ഷ സമർപ്പിക്കാനുള്ള അവസരം കൂടി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly